"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

**ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.അജിഷ.ഡി.എം., ജൂനിയർ കൺസൽട്ടന്റ് (ഒ&ജി) ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA No.1241/2023-ന്മേലുള്ള 07.07.2023-ലെ ഉത്തരവ് അനുപാലിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

**സ.ഉ.(സാധാ) നം.2791/2023/H&FWD തീയതി,തിരുവനന്തപുരം, 25-10-2023**

---

പരാമർശം:-
1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15.06.2023-ലെ ഇ.എ1-5160/2023/ആവഡ നമ്പർ നടപടിക്രമം
2. ഡോ.അജിഷ.ഡി.എം ജൂനിയർ കൺസൽട്ടന്റ് (ഒ&ജി) സമർപ്പിച്ച അപ്പീൽ (Annexure A6)
3. OA No.1241/2023-ന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 07.07.2023-ലെ ഉത്തരവ്.
4. സ.ഉ (സാധാ) നം.1984/2023/ആകുവ തീയതി 05.08.2023.

**<u>ഉത്തരവ്</u>**

ആരോഗ്യ വകുപ്പിലെ ജൂനിയർ കൺസൽട്ടന്റ്മാരുടെ പരാമർശം (1) നടപടിക്രമ പ്രകാരം പുറപ്പെടുവിച്ച 2023 പൊതുസ്ഥലംമാറ്റത്തിൽ സ്ഥലംമാറ്റത്തിന് പരിഗണിക്കാത്തതിനെതിരെ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൽട്ടന്റ് ഡോ.അജിഷ.ഡി.എം. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ പരാമർശം (2) അപ്പീൽ സമർപ്പിക്കുകയും, ബഹു:ട്രൈബ്യൂണൽ മുമ്പാകെ OA No.1241/2023 ഫയൽ ചെയ്യുകയും ഉണ്ടായി. അപേക്ഷക സമർപ്പിച്ച പരാമർശം (2) അപ്പീൽ അപേക്ഷ പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ബഹു:കേരള

അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഒന്നാം എതിർകക്ഷിയായ സർക്കാരിനെ പ്രതിനിധീകരിക്കുന്ന ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് പരാമർശം (3) ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

2) സ്പെഷ്യാലിറ്റി കേഡറിലെ മെഡിക്കൽ ഓഫീസർമാരുടെ 2023 പൊതുസ്ഥലം മാറ്റത്തിനെതിരെ ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസുകളിന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ നിർദ്ദേശം അനുപാലിക്കുന്നതിന്റെ ഭാഗമായി പരാമർശം (4) പ്രകാരം രൂപീകൃതമായ കമ്മിറ്റി പരാമർശം (2) അപ്പീൽ അപേക്ഷ പരിശോധിക്കുകയുണ്ടായി.

3) നീണ്ടകര താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലി നോക്കി വരവേ തിരുവനന്തപുരം ജില്ലയിൽ സ്ഥലംമാറ്റത്തിന് അപേക്ഷിക്കുകയും, കരട് സ്ഥലംമാറ്റപട്ടികയിൽ പേരൂർക്കട ജില്ലാ മാതൃകാ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം അനുവദിക്കുകയും ചെയ്തിരുന്നുവെങ്കിലും അന്തിമ ഉത്തരവിൽ ഒഴിവാക്കി എന്നും ആയതിനാൽ സ്ഥലംമാറ്റ അപേക്ഷയിൽ ആവശ്യപ്പെട്ട തിരുവനന്തപുരം ജില്ലയിലെ സ്ഥാപനങ്ങളിൽ ഒന്നിൽ നിയമനം നൽകണമെന്നും Annexure A6 അപ്പീലിൽ അപേക്ഷിച്ചിരുന്നു.

4) കമ്മിറ്റി ടി വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. അപേക്ഷക സ്ഥലംമാറ്റം ആവശ്യപ്പെട്ട തൈക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ ബഹു:. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യുണലിന്റെ OA 906/ 2022 ന്മേലുള്ള അനുപാലന ഉത്തരവിലെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ വർക്കല താലൂക്ക് ആശുപത്രിയിൽ നിന്നുള്ള ഡോ. ദിവ്യ.ജെ.പ്രകാശിന് സ്ഥലംമാറ്റം നൽകുകയും, 21.06.2019 മുതൽ മയ്യിൽ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ജോലി ചെയ്യുന്ന ഡോ. രാഗിത.ജി.-യെ ആറ്റിങ്ങൽ താലൂക്ക് ആശുപത്രിയിൽ നിയമിക്കുകയും, 09/06/2016 മുതൽ തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി പൂജപ്പുര ആയുർവേദ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി എന്നിവിടങ്ങളിൽ (ഒരേ സ്റ്റേഷൻ) ജോലി ചെയ്യുന്ന ഡോ. വത്സല.എൽ.-നെ വർക്കല താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിയമിക്കുകയും, 01/01/2019 മുതൽ കൊല്ലം വിക്ടോറിയ W&CH ൽ ജോലി ചെയ്യുന്ന ഡോ.ഷെഹർഷ.എം.എസ്.-ന്

നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ നിയമനം നൽകുകയും ചെയ്തു. അപേക്ഷക സ്ഥലംമാറ്റം ആവശ്യപ്പെട്ട മറ്റ് സ്ഥാപനങ്ങളായ പേരൂർക്കട ജില്ലാ മാതൃകാ ആശുപത്രി, ചിറയിൻകീഴ് താലൂക്ക് ആസ്ഥാന ആശുപത്രി, ഫോർട്ട് താലൂക്ക് ആസ്ഥാന ആശുപത്രി, നേമം താലൂക്ക് ആശുപത്രി എന്നീ സ്ഥാപനങ്ങളിൽ പൊതുസ്ഥലംമാറ്റ മാനദണ്ഡപ്രകാരം സ്ഥലംമാറ്റുവാൻ കഴിയുന്ന ആരും ഉണ്ടായിരുന്നില്ല. ആയതിനാൽ പരാമർശം (2) അപ്പീൽ അപേക്ഷ നിരസിക്കുവാൻ കമ്മിറ്റി തീരുമാനിച്ചു.

5) മേൽ സാഹചര്യത്തിൽ, കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചു കൊണ്ട് ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.അജീഷ.ഡി.എം. പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

6) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA No.1241/2023-ന്മേലുള്ള 07.07.2023-ലെ ഉത്തരവ് ഇപ്രകാരം അനുപാലിച്ചുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V P
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തിരുവനന്തപുരം/കൊല്ലം.
Dr.Ajeesha.D.M., Junior Consultant (O&G), "Bethlehem", VNRA C 246, Nalliyoorkonam, Valiyavila, Vattiyoorkavu P.O., Thiruvananthapuram - 695 013.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
R Renuka
സെക്ഷൻ ഓഫീസർ
Date: 25-10-2023 17:23:07

മേലെഴുത്ത് നം. ഇ.എ1-5160/2023/ആ.വ.ഡ
തീയതി 26.10.2023

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും തുടർ നടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആ.വ.ഡയ്ക്ക് വേണ്ടി.

0381740